## പരാതി വിഷയം

ശ്രീമതി രമണി വി എൻ (ഡോക്കറ്റ് നം. - BPIDK30601000043)

ശ്രീമതി രമണി വി എൻ വളയാട്ടിൽ, ഉടുമ്പന്നൂർ മൂലക്കാട് പി ഒ, എന്നയാൾക്ക് ലീസ് എഗ്രിമെന്റ് പ്രകാരം അവകാശം ലഭിച്ച് തൊടുപുഴ താലൂക്കിൽ അറക്കുളം വില്ലേജിൽ (അറക്കുളം പഞ്ചായത്ത് ward II) ബ്ലോക്ക് 24 ൽ റീസർവ്വേ നമ്പർ 302/3ൽ പ്പെട്ട 900 ചതുരശ്രമീറ്റർ സ്ഥലത്ത് 29.75m2 വിസ്തീർണ്ണം വരുന്ന കെട്ടിടത്തിന് (183.60m2 വിസ്തീർണ്ണം വരുന്ന കനോപ്പിയും ഉൾപ്പെടെ 213.35m2 വിസ്തീർണ്ണം പ്ലാനിൽ കാണുന്നതാണ്.) പെട്രോൾ പമ്പിന് ബിൽഡിംഗ് പെർമിറ്റും ടി സ്ഥലത്ത് ഡവലപ്മെന്റ് പെർമിറ്റും അനുവദിക്കണമെന്നുള്ളതാണ് പരാതി സംഗതി -

**അപേക്ഷകയുടെ വാദങ്ങൾ**

അപേക്ഷകയായ രമണി വി എൻ നിനു വേണ്ടി പ്രതിനിധി ശ്രീ ജോസ് ഹാജരായി. അപേക്ഷ സംബന്ധിച്ച് ടിയാൻ താഴെ പറയുന്ന വസ്തുതതകൾ അറിയിച്ചു.

1. അറക്കുളത്ത് IOC യുടെ പെട്രോൾ പമ്പിന് കമ്പനിയിൽ നിന്നും 15.03.2024 ൽ Letter of Intent ലഭിച്ചു
2. കാരിക്കോട് രജിസ്റ്റർ ഓഫീസിൽ 05.09.2023 ൽ 2438/I/23 ആയി lease Deed register ചെയ്തു.
3. 14.02.2025 ൽ ഇടുക്കി ജില്ലാ കളക്ടർ പമ്പിന് NOC അനുവദിച്ചു.
4. District Town Planner , Idukki യിൽ നിന്നും Plan approve ചെയ്ത് ഓർഡർ ലഭിച്ചു.
5. തുടർന്ന സങ്കേതം വഴി 28.03.2025 അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് Land Development , പമ്പിനാവശ്യമുള്ള ഓഫീസ് കെട്ടിടം

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603

നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അപേക്ഷ സമർപ്പിച്ചു. ഈ സങ്കേതം സോഫ്റ്റ് വെയർ 31.03.2025 ൽ അവസാനിക്കുന്നതുകൊണ്ടും സമയമില്ലാത്തതു കൊണ്ട് എന്റെ അപേക്ഷ സ്വീകരിക്കാൻ നിവൃത്തിയില്ലെന്നും K Smart വഴി ഏപ്രിൽ 2025 ൽ വീണ്ടും അപേക്ഷ തരാൻ സെക്രട്ടറി പറഞ്ഞു.

6. അതനുസരിച്ച് 23.04.2025 ൽ K Smart വഴി വീണ്ടും അപേക്ഷ സമർപ്പിച്ചു. Lease Deed ൽ കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കാൻ എന്നെ ചുമതലപ്പെടുത്തിയിട്ടില്ലെന്നു പറഞ്ഞ് അപേക്ഷ നിരസിച്ചു. അതിൽ പറഞ്ഞിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് വീണ്ടും അപേക്ഷ സമർപ്പിച്ചു. മണ്ണ് പോലും മാറ്റാത്ത് സ്ഥലത്ത് Trade Licence ന് അപേക്ഷ സമർപ്പിക്കണമെന്നും പറഞ്ഞു. കെട്ടിട നമ്പരിന്റെ സ്ഥാനത്ത് Landന്റെ സർവ്വെ നമ്പർ വെച്ച് ലൈസൻസ് ഫീസടച്ച് അപേക്ഷ സമർപ്പിച്ചു. വളരെ നാൾ എന്റെ അപേക്ഷ പിടിച്ച് വെച്ച് വീണ്ടും നിരസിച്ച് Return ചെയ്തു.
7. പഞ്ചായത്തിലെ A E സ്ഥലം സന്ദർശിക്കുകയും പ്ലാൻ പരിശോധിക്കുകയും ചെയ്ത് പെർമിറ്റ് കൊടുക്കാൻ Recomment ചെയ്തിട്ടുള്ളതാണ്.
8. എനിക്ക് കാലതാമസം കൊണ്ട് വളരെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. കമ്പനിയുടെ ഭാഗത്തു നിന്നും നല്ല സമ്മർദ്ദമുണ്ട്. എത്രയും വേഗം Building permit ഉം, development permit ഉം തരാൻ വേണ്ട ഉത്തരവുണ്ടാകണം.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603

<u>സെക്രട്ടറിയുടെ റിപ്പോർട്ട്</u>

ബഹു ജില്ലാ കളക്ടരുടെ അനുമതിയിൽ പറയുന്ന പ്രകാരമുള്ള രജിസ്റ്റർ ചെയ്ത ലീസ് എഗ്രിമെൻറിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ളത് ഉൾപ്പെടുത്തേണ്ടതാണ്, Automobile Fuel Filling സ്റ്റേഷനുള്ള ലൈസൻസ് അപേക്ഷ അംഗീകരിച്ച് ശേഷം മാത്രമേ പെർമിറ്റ് അനുവദിക്കാൻ കഴിയുകയുള്ളൂ. എന്നതിനാൽ ആവശ്യമായ രേഖകൾ സഹിതം K Smart മുഖേന അപേക്ഷ അയയ്കകുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് അറിയിക്കുകയും ടി അപാകതകൾ പരിഹരിക്കുന്നതിനായി അപേക്ഷാ ഫയൽ 30.06.2025 തീയതിയിൽ റിട്ടേൺ ചെയ്തിട്ടുള്ളതുമാണ്.

<u>ഉപജില്ല അദാലത്ത് സമിതി തീരുമാനം</u>

ഉപജില്ല അദാലത്ത് സമിതി കൺവീനറും, അംഗങ്ങളും, അപേക്ഷകയായ ശ്രീമതി രമണിക്കുവേണ്ടി പ്രതിനിധി ജോസും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, അസ്സി. എൻജിനീയറും ഹാജരായി. ശ്രീമതി രമണി വി എൻ വളയാട്ടിൽ, ഉടുമ്പന്നൂർ മൂലക്കാട് പി ഒ, എന്നയാളുടെ പെട്രോൾ പമ്പിന് പെർമിറ്റ് നൽകുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള ലീസ് എഗ്രിമെൻറിൻറെ അടിസ്ഥാനത്തിൽ പെർമിറ്റ് നൽകുന്നതിന് തടസ്സമില്ലെന്ന് അദാലത്ത് സമിതിക്ക് ബോധ്യപ്പെട്ടു. ടി അപേക്ഷയോടൊപ്പം ലൈസൻസിനുള്ള അപേക്ഷ ആവശ്യമില്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. പെർമിറ്റ് അനുവദിക്കുന്നതിന് KPBR പ്രകാരം മറ്റ് തടസ്സങ്ങളില്ലെന്ന് അസ്സി. എൻജിനീയർ റിപ്പോർട്ട് ചെയ്തു. ടി അപേക്ഷ

ABDULSAMAD P.M.
PEN : 573457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603

തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളതായി സമിതിക്ക് ബോധ്യപ്പെട്ട സാഹചര്യത്തിൽ "EASE OF DOING BUSINESS" എന്ന ആശയം ഉൾക്കൊണ്ട് ശ്രീമതി രമണി യുടെ ബിൽഡിംഗ് പെർമിറ്റ് ആൻറ് ഡെവലപ്പ്മെൻറ് പെർമിറ്റ് അപേക്ഷകൾ ടി പെർമിറ്റുകൾ നൽകി 7 ദിവസത്തനുള്ളിൽ തീർപ്പാക്കുന്നതിന് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഫയൽ തീർപ്പാക്കുന്നു.

അബ്ദുൾസമദ് പി.എം.
കൺവീനർ സിറ്റിസൺ അദാലത്ത്
ഉപജില്ലാ അദാലത്ത് സമിതി III
അസ്സി.ഡയറക്ടർ & IVO-3
LSGD ഇടുക്കി

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603